പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1551 16-10-2026-ൽ മറുപടിയ്ക്ക്

<u>അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ് - കേരളം) പ്രവർത്തനങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ജി. സുധാകരൻ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** 2021-22 മുതൽ 2025-26 വരെ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ് - കേരളം) മുഖേന എത്ര വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ടെന്നും ഇതിന്റെ കോഴ്സ് തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> ലഭ്യമായ കണക്കുകൾ പ്രകാരം 2022-23 മുതൽ 2025-26 വരെയുള്ള കാലയളവിൽ അസാപ് കേരള വഴി ആകെ 4,12,705 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്.ജില്ല തിരിച്ചുള്ള ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത കാലയളവിൽ പരിശീലനം പൂർത്തിയാക്കിയവരിൽ തൊഴിൽ ലഭിച്ചവരുടെയും സ്വയംതൊഴിൽ കണ്ടെത്തിയവരുടെയും എണ്ണം എത്രയാണെന്നും തൊഴിൽ ലഭ്യത നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും കമ്പനികളുടെ ഇപ്പോഴത്തെയും ഭാവിയിലെയും മനുഷ്യവിഭവശേഷി ആവശ്യകതകൾ മനസ്സിലാക്കുന്നതിനും വിവിധ മേഖലകളിലായി വ്യവസായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ചുമതല അസാപ് കേരള യുടെ സ്കിൽ ഡിമാൻഡ് അഗ്രഗേഷൻ ഡിവിഷനാണ്. അസാപ് കേരള വഴി പരിശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ നൈപുണ്യങ്ങൾക്കും യോഗ്യതകൾക്കും അനുസൃതമായി തൊഴിലവസരങ്ങൾ മാപ്പ് ചെയ്യുന്നതിനും അനുയോജ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിനും ഒഴിവുകൾ സമാഹരിക്കുന്നതിനും ഡിവിഷൻ തൊഴിലുടമകൾ, വ്യവസായ അസോസിയേഷനുകൾ, മറ്റ് പ്രസക്തമായ പങ്കാളികൾ എന്നിവരുമായി സജീവമായി ഇടപഴകുന്നു. വ്യവസായ പങ്കാളികളുടെയും തൊഴിലവസരങ്ങളുടെയും ഒരു ഡാറ്റാബേസ് സൂക്ഷിക്കുക, വിവിധ മേഖലകളിലെ തൊഴിൽ നിയമന പ്രവണതകൾ നിരീക്ഷിക്കുക, ഉദ്യോഗാർത്ഥികളുടെ

പ്രകടനത്തെക്കുറിച്ചും നൈപുണ്യ വിടവുകളെക്കുറിച്ചും തൊഴിലുടമകളിൽ നിന്നുള്ള പ്രതികരണങ്ങൾ ശേഖരിക്കുക, വ്യവസായ അധിഷ്ഠിത പരിശീലനങ്ങൾ, ഇന്റേൺഷിപ്പുകൾ, അപ്രന്റിസ്ഷിപ്പുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവുകൾ എന്നിവയ്ക്കുള്ള അവസരങ്ങൾ കണ്ടെത്തുക എന്നിവയും ഡിവിഷൻ ചെയ്തുവരുന്നു.

പ്രസ്തുത കാലയളവിൽ പരിശീലനം പൂർത്തിയാക്കിയവരിൽ ആകെ 31,075 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.

**(സി)** അസാപ് കേരളം വഴി നടപ്പിലാക്കുന്ന നൂതനവും വ്യവസായാധിഷ്ഠിതവുമായ കോഴ്സുകൾ ഏതെല്ലാമാണെന്നും നിലവിൽ വ്യവസായ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള ധാരണാപത്രങ്ങളുടെയും പങ്കാളിത്തങ്ങളുടെയും എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

**മറുപടി:** വിദ്യാർത്ഥികൾക്ക് ആധുനിക വ്യവസായ മേഖലകളിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നിരവധി നൂതന കോഴ്സുകൾ അസാപ് കേരള നൽകുന്നുണ്ട്. പ്രധാന മേഖലകളും കോഴ്സുകളും താഴെ പറയുന്നവയാണ്

**ഇൻഫർമേഷൻ ടെക്നോളജി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ്, ജനറേറ്റീവ് AI, സൈബർ സെക്യൂരിറ്റി, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്. **ഡാറ്റാ അനലിറ്റിക്സ്:** ബിസിനസ്സ് അനലിറ്റിക്സ്, പൈത്തൺ ഉപയോഗിച്ചുള്ള ഡാറ്റാ അനലിറ്റിക്സ്, പവർ BI & ടാബ്ലോ.

**മറ്റ് വ്യവസായാധിഷ്ഠിത മേഖലകൾ:** ഇലക്ട്രിക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ & എംബഡഡ് സിസ്റ്റംസ്, അഗ്രികൾച്ചറൽ & കൊമേഴ്സ്യൽ ഡ്രോൺ പൈലറ്റ് ട്രെയിനിംഗ്.

അമ്പതിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങളുമായി അസാപ് കേരള ധാരണാപത്രത്തിൽ എത്തിയിട്ടുണ്ട്.

കോഴ്സുകളുടെ പൂർണ്ണ വിവരങ്ങൾ അനുബന്ധം 3 ൽ ചേർത്തിരിക്കുന്നു.

**(ഡി)** പരിശീലനത്തിന്റെ ഗുണനിലവാരം, പരിശീലകരുടെ യോഗ്യത, സർട്ടിഫിക്കേഷന്റെ അംഗീകാരം, പരിശീലനം നേടിയവരുടെ തൊഴിൽലഭ്യത എന്നിവ സ്വതന്ത്രമായി വിലയിരുത്തുന്നതിനുള്ള സംവിധാനവും, കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതിയുടെ ആകെ ചെലവും ബജറ്റ് വിഹിതവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

<u>മറുപടി:</u> നൈപുണ്യ പരിശീലനത്തിന്റെ ഗുണനിലവാരവും സർട്ടിഫിക്കേഷനും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന്റെ (NSQF), നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET) എന്നിവയുടെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചാണ് ഉറപ്പാക്കുന്നത്. പരിശീലനം നേടിയ വിദ്യാർത്ഥികളുടെ നൈപുണ്യ പരിശോധന സ്വതന്ത്ര ഏജൻസികൾ വഴിയാണ് നടത്തുന്നത്. പരിശീലനത്തിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്നതിനായി ASAP കേരളയിൽ പ്രത്യേക മോണിറ്ററിംഗ് ആൻഡ് ഇവാല്യുവേഷൻ വിഭാഗം പ്രവർത്തിച്ചുവരുന്നു. പരിശീലനത്തിന്റെ ഗുണനിലവാരം, പരിശീലകരുടെ പ്രകടനം എന്നിവ ഈ വിഭാഗം നിരന്തരം വിലയിരുത്തുന്നു. പരിശീലന പരിപാടിയുടെ കൂടാതെ, വ്യവസായ മേഖലയിലെ നിലവിലെ ആവശ്യകതകൾക്ക് അനുയോജ്യമായ നൈപുണ്യങ്ങളും യോഗ്യതകളും പരിശീലനാർഥികൾക്ക് ഉറപ്പാക്കുന്നതിനായി ASAP കേരളം വ്യവസായ സ്ഥാപനങ്ങളുമായും പരിശീലന പങ്കാളികളുമായും സഹകരിച്ച് വ്യവസായ മേഖലയുമായി സംയോജിപ്പിച്ച സർട്ടിഫിക്കേഷൻ സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതിയുടെ ആകെ ചെലവും ബജറ്റ് വിഹിതവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

| 2022-2023 | | | | |
|---|---|---|---|---|
| Sl.No | District | Total no. of courses offered | Total no. of batches offered | Total no. of candidates enrolled |
| 1 | Thiruvananthapuram | 34 | 42 | 2198 |
| 2 | Kollam | 2 | 2 | 80 |
| 3 | Pahtanamthitta | 3 | 4 | 163 |
| 4 | Idukki | 7 | 10 | 244 |
| 5 | Alappuzha | 4 | 7 | 286 |
| 6 | Kottayam | 4 | 4 | 105 |
| 7 | Ernakulam | 12 | 18 | 510 |
| 8 | Thrissur | 9 | 18 | 565 |
| 9 | Malappuram | 5 | 8 | 226 |
| 10 | Palakkad | 3 | 10 | 288 |
| 11 | Kozhikkode | 3 | 7 | 243 |
| 12 | Kannur | 6 | 9 | 447 |
| 13 | Wayanad | 1 | 4 | 72 |
| 14 | Kasaragod | 12 | 10 | 459 |
| 15 | State | 1 | 1 | 92 |
| TOTAL | | 106 | 154 | 5978 |
| **2023-2024** | | | | |
| Sl. No. | District | Total no. of courses offered | Total no. of batches offered | Total no. of candidates enrolled |
| 1 | Thiruvananthapuram | 3 | 7 | 218 |
| 2 | Kollam | 2 | 3 | 70 |
| 3 | Pahtanamthitta | 1 | 4 | 123 |



ile No. HEDN-C4/162/2026-HEDN (Computer No. 3660978)
enerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026

| | | | | |
|---|---|---|---|---|
| 4 | Idukki | 4 | 7 | 250 |
| 5 | Alappuzha | 0 | 0 | 0 |
| 6 | Kottayam | 1 | 3 | 97 |
| 7 | Ernakulam | 1 | 6 | 195 |
| 8 | Thrissur | 2 | 5 | 194 |
| 9 | Malappuram | 1 | 5 | 162 |
| 10 | Palakkad | 3 | 6 | 104 |
| 11 | Kozhikkode | 3 | 11 | 339 |
| 12 | Kannur | 1 | 3 | 111 |
| 13 | Wayanad | 1 | 3 | 594 |
| 14 | Kasaragod | 1 | 5 | 190 |
| 15 | State | 12 | 31 | 1533 |
| TOTAL | | 36 | 99 | 4180 |

**2024-2025**

| Sl. No. | District | Total no. of courses offered | Total no. of batches offered | Total no. of candidates enrolled |
|---|---|---|---|---|
| 1 | Thiruvananthapuram | 2 | 5 | 158 |
| 2 | Kollam | 0 | 0 | 0 |
| 3 | Pahtanamthitta | 0 | 0 | 0 |
| 4 | Idukki | 1 | 1 | 26 |
| 5 | Alappuzha | 1 | 1 | 21 |
| 6 | Kottayam | 0 | 0 | 0 |
| 7 | Ernakulam | 2 | 2 | 70 |
| 8 | Thrissur | 1 | 1 | 31 |
| 9 | Malappuram | 2 | 3 | 103 |
| 10 | Palakkad | 1 | 5 | 151 |
| 11 | Kozhikkode | 2 | 3 | 91 |
| 12 | Kannur | 0 | 0 | 0 |



ile No. HEDN-C4/162/2026-HEDN (Computer No. 3660978)

ienerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026

| | | | | |
|---|---|---|---|---|
| 13 | Wayanad | 0 | 0 | 0 |
| 14 | Kasaragod | 0 | 0 | 0 |
| 15 | State | 19 | 43 | 1057 |
| TOTAL | | 31 | 64 | 1708 |
| | | | | |

**2025-2026**

| Sl. No. | District | Total no. of courses offered | Total no. of batches offered | Total no. of candidates enrolled |
|---|---|---|---|---|
| 1 | Thiruvananthapuram | 6 | 8 | 214 |
| 2 | Kollam | 3 | 3 | 303 |
| 3 | Pahtanamthitta | 1 | 2 | 192 |
| 4 | Idukki | 2 | 2 | 165 |
| 5 | Alappuzha | 3 | 4 | 186 |
| 6 | Kottayam | 3 | 6 | 183 |
| 7 | Ernakulam | 7 | 9 | 425 |
| 8 | Thrissur | 4 | 5 | 356 |
| 9 | Malappuram | 5 | 6 | 462 |
| 10 | Palakkad | 2 | 3 | 169 |
| 11 | Kozhikkode | 4 | 4 | 244 |
| 12 | Kannur | 3 | 6 | 259 |
| 13 | Wayanad | 2 | 2 | 128 |
| 14 | Kasaragod | 1 | 3 | 146 |
| 15 | State | 47 | 56 | 1579 |
| TOTAL | | 93 | 119 | 5011 |



ile No. HEDN-C4/162/2026-HEDN (Computer No. 3660978)
ienerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026

OP Training Status

| | |
|---|---|
| 2023-24 | : 1415 |
| 2024-25 | : 2823 |
| 2025-26 | : 1913 |
| 2026-27 | : 1598 |

Workshops and Seminars conducted Statewide

| | |
|---|---|
| 2023-24 | : 12,203 |
| 2024-25 | : 33,052 |
| 2025-26 | : 1,50,038 |



ile No. HEDN-C4/162/2026-HEDN (Computer No. 3660978)
ienerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026

# അനുബന്ധം 2

| Sl.No. | District | Total no. of candidates placed 2022-2023 | Total no. of candidates placed 2023-2024 | Total no. of candidates placed 2024-2025 | Total no. of candidates placed 2024-2025 |
|---|---|---|---|---|---|
| 1 | Thiruvananthapuram | 71 | 0 | 64 | 35 |
| 2 | Kollam | 27 | 0 | 0 | 13 |
| 3 | Pahtanamthitta | 26 | 11 | 0 | 2 |
| 4 | Idukki | 7 | 0 | 2 | 3 |
| 5 | Alappuzha | 4 | 0 | 10 | 3 |
| 6 | Kottayam | 5 | 0 | 0 | 1 |
| 7 | Ernakulam | 53 | 12 | 61 | 52 |
| 8 | Thrissur | 8 | 8 | 7 | 18 |
| 9 | Malappuram | 12 | 12 | 4 | 2 |
| 10 | Palakkad | 1 | 0 | 6 | 2 |
| 11 | Kozhikkode | 9 | 9 | 21 | 16 |
| 12 | Kannur | 1 | 0 | 0 | 2 |
| 13 | Wayanad | 3 | 0 | 0 | 0 |
| 14 | Kasaragod | 2 | 13 | 0 | 5 |
| 15 | Other | 20 | 26 | 55 | 90 |
| TOTAL | | 249 | 91 | 119 | 244 |



ile No. HEDN-C4/162/2026-HEDN (Computer No. 3660978)
ienerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026

| Sl. | CSP | Placement Drive Date | No. of Drives conducted since 01.02.2025 | Candidates placed |
|---|---|---|---|---|
| 1 | ASAP Community Skill Park Kasargod | Evey third Saturday | 14 | 196 |
| 2 | ASAP Community Skill Park Palayad | Evey third Saturday | 15 | 193 |
| 3 | ASAP Community Skill Park Mananthavady | Evey third Saturday | 16 | 123 |
| 4 | ASAP Community Skill Park Pandikkad | Evey third Saturday | 17 | 243 |
| 5 | ASAP Community Skill Park Thavanur | Evey third Saturday | 17 | 61 |
| 6 | ASAP Community Skill Park Chathannur | Evey third Saturday | 18 | 51 |
| 7 | ASAP Community Skill Park Lakkidi | Evey third Saturday | 16 | 583 |
| 8 | ASAP Community Skill Park Kunnamkulam | Evey third Saturday | 17 | 368 |
| 9 | ASAP Community Skill Park Perumbavoor | Evey third Saturday | 15 | 54 |
| 10 | ASAP Community Skill Park Kalamassery | Evey third Saturday | 16 | 231 |
| 11 | ASAP Community Skill Park Cheriya Kalavoor | Evey third Saturday | 17 | 165 |
| 12 | ASAP Community Skill Park Pampady | Evey third Saturday | 19 | 189 |
| 13 | ASAP Community Skill Park Kunnamthanam | Evey third Saturday | 15 | 71 |
| 14 | ASAP Community Skill Park Kulakkada | Evey third Saturday | 19 | 374 |
| 15 | ASAP Community Skill Park Kazhakkoottam | Evey third Saturday | 18 | 63 |
| 16 | ASAP Community Skill Park Vizhinjam | Evey third Saturday | 15 | 114 |
| | TOTAL | | | 3079 |

TB Placement Data : 13,489

Placement and Internships (Statewide) : 13,804

## അനുബന്ധം 3

| വ്യവസായ മേഖല (Sector) | കോഴ്സുകളുടെ ഉദാഹരണങ്ങൾ (Examples of Courses) |
| --- | --- |
| Information Technology | AI and Machine Learning, Generative AI, Cybersecurity, Full Stack Development |
| Data Analytics | Business Analytics, Data Analytics using Python, Power BI and Tableau |
| Electric Vehicles | EV Service Technician |
| Industrial Automation | Industrial Automation, Embedded Systems |
| Drone Technology | Drone Pilot Training, Agricultural Drone Pilot Training |
| Construction Technology | Building Information Modelling (BIM), Autodesk Revit MEP |
| Healthcare | Medical Coding and Medical Billing, Molecular Techniques, Cell Culture and Virology |
| Logistics and Shipping | Supply Chain and Logistics Analyst |
| Banking and Finance | Enrolled Agent, AML/KYC Compliance, GST Accounting using Tally |
| Manufacturing and QC | Marine Structural Fabrication, Metrology and Calibration |
| Agriculture | Hydroponics Producer, Agricultural Drone Pilot Training |
| Beauty and Wellness | Beauty, wellness and fitness-related programmes |
| Language & Communication | English, German, Japanese |

സെക്ഷൻ ഓഫീസർ

## അനുബന്ധം 4

| Year | Fund Received | Expenditure |
|---|---|---|
| FY 2021-2022 | ₹ 68,00,59,000 | ₹ 68,00,59,000 |
| FY 2022-2023 | ₹ 35,00,00,000 | ₹ 35,00,00,000 |
| FY 2023-2024 | ₹ 23,02,00,622 | ₹ 23,02,00,622 |
| FY 2024-2025 | ₹ 17,54,99,178 | ₹ 17,54,99,178 |
| FY 2025-2026 | ₹ 15,58,92,510 | ₹ 15,58,92,510 |
| Total | ₹ 1,59,16,51,310 | ₹ 1,59,16,51,310 |

സെക്ഷൻ ഓഫീസർ



ile No. HEDN-C4/162/2026-HEDN (Computer No. 3660978)
ienerated from eOffice by ABHILASH A, ASST (ASAP)(H.EDN), ASST (ASAP) (H.EDN), HIGHER EDUCATION DEPARTMENT on 16/10/2026